"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. -കോഴിക്കോട് ജില്ല - കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് - കടലുണ്ടി ഗ്രാമപഞ്ചായത്ത് - ഉൾപ്പെട്ട തച്ചൊരൊടി റോഡ് പുനരുദ്ധാരണ പ്രവൃത്തി - കരാറിൽ ഏർപ്പെടുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.5/2026/DMD തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:-
1. സ. ഉ. (സാധാ) നം. 183/2025/ഡി.എം.ഡി. തീയതി, 27.03.2025
2. കോഴിക്കോട് ജില്ലാകളക്ടറുടെ 05.11.2025 ലെ DCKKD/9999/2025-F3 നമ്പർ കത്ത്

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതികളിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട കടലുണ്ടി ഗ്രാമപഞ്ചായത്തിലെ തച്ചൊരൊടി റോഡ് പ്രവൃത്തിക്ക് പരാമർശം (1) ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ അപാകതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം കാരണമാണ് ടി പ്രവൃത്തി കരാറിലേർപ്പെടാൻ കഴിയാതെ വന്നത്. ആയതിനാൽ ടി പ്രവൃത്തിയുടെ കരാറിലേർപ്പെടുന്നതിലുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശിത (2) കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട കടലുണ്ടി ഗ്രാമപഞ്ചായത്തിലെ തച്ചൊരൊടി റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി കാലാവധിയിൽ മാറ്റം വരാതെ ഇനി കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതല്ല എന്ന വ്യവസ്ഥയിൽ കരാർ കാലാവധി ടി ഉത്തരവ് തീയതി മുതൽ 2 മാസം കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. DMB3/211/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 03-01-2026 13:06:25

പകർപ്പ്:- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്